ഭരണഭാഷ മാതൃഭാഷ

എൻ.എം.ബി (1)/31852/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 06-09-2019

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി - പൊതു വിദ്യാലയങ്ങളിൽ കുട്ടികളെകൊണ്ട് ഉച്ചഭക്ഷണം വിളമ്പിക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** എൻ.എം.എ(1)/19000/2019/ഡി.പി.ഐ നം.സർക്കുലർ തീയതി. 25-05-2019

ഉച്ചഭക്ഷണ പദ്ധതി പ്രകാരം സ്കൂളുകളിൽ ഭക്ഷണം പാചകം ചെയ്യുന്നതിനും തുടർന്ന് ഭക്ഷണം കുട്ടികൾക്ക് വിളമ്പി നൽകുന്നതിനും എസ്.എം.സി, പി.ടി.എ, എം.പി.ടി.എ എന്നിവയിലെ അംഗങ്ങളുടെ സഹായവും മേൽ നോട്ടവും ഉറപ്പ് വരുത്തുന്നതിന് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എങ്കിലും ചില സ്കൂളുകളിലെങ്കിലും പാചകം ചെയ്ത ഭക്ഷണം സ്റ്റീൽ ബക്കറ്റുകളിലാക്കി ക്ലാസ്സ് റൂമുകളിലേയ്ക്കും ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥലത്തും എത്തിക്കുന്നതിനായി കുട്ടികളെ ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും, നിയമങ്ങൾക്കും വിരുദ്ധമായിട്ട് കുട്ടികളെ ഉപയോഗിച്ച് ഇത്തരം പ്രവർത്തികൾ ചെയ്യിക്കുന്നത് അങ്ങേയറ്റം അപലപനീയമായ പ്രവർത്തിയാണ്. ഈ സാഹചര്യത്തിൽ യാതൊരു കാരണവശാലും സ്കൂൾ കുട്ടികളെകൊണ്ട് പാചകം ചെയ്ത ഉച്ചഭക്ഷണം വിതരണം ചെയ്യരുത് എന്ന കർശന നിർദ്ദേശം എല്ലാ പ്രധാനാദ്ധ്യാപകർക്കും നൽകുന്നു. ടി ആവശ്യത്തിന് എസ്.എം.സി, പി.ടി.എ, എം.പി.ടി.എ, അദ്ധ്യാപക - അനദ്ധ്യാപകർ, പാചകക്കാർ എന്നിവരുടെയും സേവനം വിനിയോഗിക്കേണ്ടതാണെന്നും അറിയിക്കുന്നു.

**ആർ.എസ്.ഷിബു**
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**സ്വീകർത്താവ്:-**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ നൂൺഫീഡിംഗ് സൂപ്പർവൈസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
എല്ലാ നൂൺമീൽ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടർ (സി.എ മുഖേന)
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) (സി.എ മുഖേന)
സീനിയർ സൂപ്രണ്ട് എൻ.എം.എ സെക്ഷൻ
കരുതൽ ഫയൽ